**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *189 — 14.07.2016 -ൽ മറുപടിക്ക്

ടൂറിസം വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. എൽദോ എബ്രഹാം<br>ശ്രീ മുഹമ്മദ് മുഹസിൻ പി.<br>ശ്രീ. കെ. രാജൻ | ശ്രീ.എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിൽ ടൂറിസം വികസനത്തിന് സാധ്യതയുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം മേഖലകളിലാണെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. ബീച്ച്, ബാക്ക് വാട്ടർ, ആയുർവേദം,ഫോറസ്റ്റ് & വൈൽഡ് ലൈഫ്, എക്കോ ടൂറിസം, ഫാം ടൂറിസം, മെഡിക്കൽ ടൂറിസം, അഡ്വഞ്ചർ ടൂറിസം, വില്ലേജ് ടൂറിസം, പൈതൃക ടൂറിസം, വെഡ്ഡിംഗ് ആൻഡ് മൈസ് ടൂറിസം, സാംസ്കാരിക ടൂറിസം തുടങ്ങി വൈവിദ്ധ്യങ്ങളായ മേഖലകളിൽ ടൂറിസം വികസനത്തിന് സാദ്ധ്യതയുണ്ട്. . |
| (ബി) വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ടൂറിസം വകുപ്പ് വിദേശ രാജ്യങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ടൂറിസം വകുപ്പ്, വിദേശ രാജ്യങ്ങളിൽ പ്രശസ്തമായ ടൂറിസം മേളകളിൽ പങ്കെടുക്കുന്നതു കൂടാതെ റോഡു ഷോകളും ബി-ടു-ബി മീറ്റിംഗുകളും സംഘടിപ്പിച്ചു വരുന്നു. പ്രചാരണ പരിപാടികളുടെ ഭാഗമായി പത്ര, ദൃശ്യ മാധ്യമങ്ങളിൽ കേരളത്തിന്റെ സാന്നിദ്ധ്യം അനുഭവപ്പെടുത്തുവാനായി നിരവധി പരസ്യപ്രചരണ പരിപാടികളും, നടത്തിവരുന്നു.കൂടാതെ പ്രശസ്തരായ ടൂറിസം രംഗത്തെ മാദ്ധ്യമ പ്രവർത്തകരേയും ബ്ലോഗേഴ്സിനെയും സംസ്ഥാനത്ത് ക്ഷണിച്ച് വരുത്തി നമ്മുടെ ടൂറിസം ഉല്പന്നങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തു വരുന്നു. |

(സി) ടൂറിസം മേഖല ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; അവ പരിഹരിച്ച് സംസ്ഥാനത്ത് ടൂറിസം മേഖല മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(സി) ടൂറിസം മേഖല നേരിടുന്ന വെല്ലുവിളികൾ ഇവയാണ്.

1. മറ്റ് ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള കടുത്ത മൽസരം.
2. വിമാന മാർഗ്ഗവും റെയിൽ-റോഡ് മാർഗ്ഗവുമുള്ള കണക്ടിവിറ്റി.
3. ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യപ്രശ്നം.
4. വിവിധ ഭാഷാ വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളുടെ അഭാവം.
5. ഗവൺമെന്റിന്റെ മദ്യനയം ഉണ്ടാക്കി യിട്ടുള്ള പ്രത്യാഘാതം.

മേൽ പ്രശ്നങ്ങൾക്ക് സ്വീകരിച്ചിട്ടുള്ള പരിഹാര നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

Anuradha

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

1. കേരള ടൂറിസത്തിന്റെ വിപണന തന്ത്രങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. ഇതിന്റെ ഭാഗമായി ഓൺലൈൻ ഡിജിറ്റൽ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും പുതിയ മാർക്കറ്റുകൾ കണ്ടെത്തുന്നതിനും ശ്രമിക്കുന്നതാണ്.
2. എയർലൈനുമായി ബന്ധപ്പെട്ട് ടൂറിസം സീസണുകളിൽ പ്രത്യേക പാക്കേജുകൾ ലഭ്യമാക്കാനും ചാർട്ടേഡ് വിമാനങ്ങൾ, ട്രെയിനുകൾ എന്നിവ ലഭ്യമാക്കാനും ശ്രമിക്കുന്നതാണ്.
3. എല്ലാ ടൂറിസം ഡസ്റ്റിനേഷനുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ കൾ എന്നിവയുമായി ചേർന്ന് 'ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതി' നടപ്പാക്കുന്നതാണ്. മൈക്രോ ഡെസ്റ്റിനേഷനുകളിൽ പ്ലാസ്റ്റിക് നിരോധിക്കുന്നതിനും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിനും ശ്രമിക്കും.
4. ഭാഷാ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിനായി ഗൈഡുകൾ ഡ്രൈവർമാർ, മറ്റ് പ്രൊഫഷണലുകൾ എന്നിവർക്ക് കൂടുതൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുന്നതാണ്.

Anuradha
സെക്ഷൻ ഓഫീസർ